# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## പാട്ടക്കരാർ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: **116**　　　　13.12.2012-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ<br>,, എം.പി.അബ്ദുസ്സമദ് സമദാനി<br>,, പി. ഉബൈദുള്ള<br>,, പി. ബി. അബ്ദുൾ റസാക് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
| എ) പാട്ടകാലാവധി കഴിഞ്ഞതും, പാട്ടക്കരാർ വ്യവസ്ഥകൾലംഘിക്കപ്പെട്ടതുമായ സർക്കാർ വസ്തു വകകൾ സംബന്ധിച്ച് സർക്കാരിന്റെ നയമെന്താണെന്ന് വിശദമാക്കുമോ; | എ) പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ സർക്കാർ വസ്തുവകകളിൽ പാട്ടക്കരാർ പുതുക്കുന്ന-തിനായി അപേക്ഷ നൽകിയിട്ടുളള കേസുകൾ പരിശോധിച്ച് അർഹമായ കേസുകളിൽ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുക്കൊണ്ട് പാട്ടക്കരാർ പുതുക്കുന്നതും, പാട്ടക്കരാർ ലംഘിക്കപ്പെട്ടിട്ടുളള കേസുകളിൽ നിയമാനുസൃത നടപടികൾ പാലിച്ചുകൊണ്ട് തന്നെ ഭൂമി തിരിച്ചെടുക്കുന്നതിനും സർക്കാരിന് ലഭിക്കേണ്ട പാട്ടത്തുക ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പാട്ടകുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ, 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾ, 1995-ലെ കേരളമുനിസിപ്പൽ കോർപ്പറേഷൻ ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. പാട്ടം പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ലാത്ത. കുടിശ്ശിക വരുത്തിയിട്ടുള്ളവർ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് കേരള ഭൂമിപതിവ് ചട്ടം |

| | |
|---|---|
| | 1964 ലെ സെക്ഷൻ 15(4) പ്രകാരം വ്യവസ്ഥാ ലംഘനത്തിന് നോട്ടീസ് നൽകുകയും. പാട്ടം റദ്ദ് ചെയ്ത്, 1957 ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരം ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) കാലാവധി കഴിഞ്ഞതും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കൾ തിരിച്ചെടുത്ത് പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | സി) കാലാവധി കഴിഞ്ഞതും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതുമായ വസ്തുക്കൾ നിയമാനുസൃത നടപടികൾ പാലിച്ച് തിരിച്ചെടുക്കപ്പെടുന്ന മുറയ്ക്ക് പൊതു ആവശ്യത്തിന് ഉപയോഗിക്കേണ്ടി വന്നാൽ ആയത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ